പുതിയ സ്പോർട്സ് ഹോസ്റ്റലുകൾ സ്ഥാപിക്കുവാൻ നടപടി

121 (3330) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് മേഖലയിൽ ആകെ എത്ര സ്പോർട്സ് ഹോസ്റ്റലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കായിക വിദ്യാഭ്യാസ രംഗത്ത് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കിയ മികച്ച കായിക താരങ്ങളെ വളർത്തുന്നതിന് സഹായകരമായി സംസ്ഥാനത്ത് പുതിയ സ്പോർട്സ് ഹോസ്റ്റലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എവിടെയെല്ലാമാണ് ഇത്തരം സ്പോർട്സ് ഹോസ്റ്റലുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കോളേജ് തലത്തിൽ കോളേജ് വക കെട്ടിടത്തിൽ സ്പോർട്സ് കൗൺസിൽ ചെലവു വഹിക്കുന്ന 30-ഉം സ്കൂൾ തലത്തിൽ സ്കൂൾ വക കെട്ടിടത്തിൽ സ്പോർട്സ് കൗൺസിൽ ചെലവു വഹിക്കുന്ന 19-ഉം സ്പോർട്സ് ഹോസ്റ്റലുകളും സ്പോർട്സ് കൗൺസിൽ നേരിട്ട് നടത്തുന്ന 8 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികളെ താമസിപ്പിച്ചു പഠിപ്പിക്കുന്നു.

(ബി&സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സ്പോർട്സ് ഡിവിഷൻ സ്കൂളുകൾ

122 (3331) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്പോർട്സ് ഡിവിഷൻ സ്കൂളുകളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) മികച്ച കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനായി പുതുതായി സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എവിടെയെല്ലാമാണ് പുതിയ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ഗവൺമെന്റ് ഹൈസ്കൂളിൽ മാത്രമാണ് സ്പോർട്സ് ഡിവിഷനുള്ളത്.

(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly